# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പു ചൂടിൽ രാജ്യം; പ്രചാരണം കൊഴുപ്പിച്ച് മുന്നണികൾ.

   Campaigning For Lok Sabha Elections Gains Further Momentum; Prominent political parties holding public meetings and roadshows in different parts of the country.

2. കേരളം ഉൾപ്പെടെ രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ.

   The last date for withdrawal of nominations in the second phase of polling, including Kerala, is tomorrow.

3. യുവാക്കളുടെ പങ്കാളിത്തം വർധിപ്പിക്കാൻ സാമൂഹ്യമാധ്യമങ്ങളിലൂടെ നൂതന പ്രചാരണ പരിപാടിയുമായി കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ

   Several Innovative And Unique Campaigns Initiated By Election Commission To Engage Young Voters For Enhanced Participation In Upcoming Elections

4. ഇന്ത്യയിലുൾപ്പെടെ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളെ നിർമിത ബുദ്ധിയിലൂടെ സ്വാധീനിക്കാൻ ചൈന ഒരുങ്ങുന്നതായി മൈക്രോസോഫ്റ്റിന്റെ മുന്നറിയിപ്പ്

**Microsoft warns of China's designs to disrupt upcoming elections in India, US and South Korea by using AI-generated content.**

5. **രാജ്യത്തെ മൂന്നു സൈനിക വിഭാഗങ്ങളുടെയും സംയുക്ത സമ്മേളനം 'പരിവർത്തൻ ചിന്തൻ' നാളെ ന്യൂഡൽഹിയിൽ.**

**Tri-Service Conference 'Parivartan Chintan' be held in New Delhi on April 8**

6. **ഐപിഎൽ ക്രിക്കറ്റിൽ ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ മുംബൈ ഇന്ത്യൻസിന് ജയം ; രണ്ടാം മത്സരം ലഖ്നൗ സൂപ്പർ ജയന്റ്സും ഗുജറാത്ത് ടൈറ്റൻസും തമ്മിൽ**

**IPL Cricket: Mumbai Indians beat Delhi Capitals; Lucknow Super Giants - Gujarat Titans match is in progress**

**&&&&&&&&&&&&&&&&&&**

## LOKSABHA- ELECTION CAMPAIGN

ലോക്സഭാ തെരഞ്ഞെടുപ്പു ചൂടിൽ രാജ്യം. വിവിധ മുന്നണികളുടെ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ സജീവമായി പുരോഗമിക്കുകയാണ്. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങൾ കേന്ദ്രീകരിച്ചാണ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നത്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചാരണ രംഗത്ത് സജീവമാണ്.

**&&&&&&&&&&&&&&&&&&**

## REV BIHAR PM RALLY

ഐ.എൻ.ഡി.ഐ. സഖ്യത്തിന് വ്യക്തമായ കാഴ്ചപ്പാടും വിശ്വാസ്യതയും ഇല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ബിഹാറിലെ നവാദയിലെ കുന്തി നഗറിൽ തിരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കോൺഗ്രസ് പാർട്ടിയുടെ പ്രകടന പത്രികയെ പ്രീണന രേഖയെന്നും അദ്ദേഹം വിശേഷിപ്പിച്ചു. മുഖ്യമന്ത്രി നിതീഷ് കുമാറും എൻഡിഎയിലെ ഘടകകക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുത്തു. ബിജെപി നേതാക്കൾക്കൊപ്പം എൻഡിഎയിലെ മറ്റ് ഘടകകക്ഷികളും റാലിയിൽ പങ്കെടുത്തു. ഒരാഴ്ചയ്ക്കിടെ പ്രധാനമന്ത്രിയുടെ രണ്ടാമത്തെ തിരഞ്ഞെടുപ്പ് റാലിയാണിത്. നേരത്തെ ജാമുയി നിയോജക മണ്ഡലത്തിൽ എൻഡിഎയുടെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ശ്രീ മോദി തുടക്കം കുറിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## PM VISIT VIDARBHA

ചന്ദ്രാപുർ, ഗഡ്ചിരോളി ലോക്സഭാ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ശ്രീ നരേന്ദ്ര മോദി നാളെ വൈകിട്ട് മഹാരാഷ്ട്രയിലെ ചന്ദ്രപുർ സന്ദർശിക്കും. മോർവ എയർപോർട്ട് ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തിൽ മുതിർന്ന ബിജെപി നേതാക്കളും മഹാരാഷ്ട്രയിലെ മഹായുതി സഖ്യ നേതാക്കളും പങ്കെടുക്കും. കിഴക്കൻ വിദർഭയിലെ നാഗ്പൂർ, രാംടെക്, ഹന്ദ്രപൂർ, ഗഡ്ച്ചിരോളി-ചിമൂർ, ഭണ്ഡാര-ഗോണ്ടിയ എന്നിവയുൾപ്പെടെ അഞ്ച് മണ്ഡലങ്ങളിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## CONG-WB

പശ്ചിമ ബംഗാളിൽ മൂന്നു ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർഥികളുടെ പേര് കോൺഗ്രസ് പ്രഖ്യാപിച്ചു. ബനഗാവിൽ പ്രദീപ് ബിശ്വാസ്, ഉലുബേരിയയിൽ അസഹർ മോലിക്, ഘാട്ടാലിൽ

ഡോ.പാപ്പിയ ചക്രവർത്തി എന്നിവരാണ് മത്സരിക്കുന്നത്. ഭാഗാബൻഗോള നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ അഞ്ജു ബീഗം സ്ഥാനാർഥിയാകുമെന്നും കോൺഗ്രസ് വാർത്താക്കുറിപ്പിൽ അറിയിച്ചു. തെലങ്കാനയിൽ കോൺഗ്രസ്സ് പ്രചാരണ പരിപാടികൾക്ക് മഹാപ്രചാരണയോഗത്തോടെ ഇന്നലെ തുടക്കം കുറിച്ചിരുന്നു. രംഗറെഡ്ഡി ജില്ലയിലെ തുക്കുഗുഡയിൽ നടന്ന യോഗത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പങ്കെടുത്തു. രാജസ്ഥാനിലെ ജയ്പ്പൂരിൽ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് സമ്മേളനത്തിൽ പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ, സോണിയ ഗാന്ധി, പ്രിയങ്ക ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

## LOKSABHA ELECTION – KERALA

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് മാവേലിക്കര മണ്ഡലത്തിലെ കുന്നത്തൂർ, ചെന്നിത്തല, പത്തനാപുരം എന്നിവിടങ്ങളിൽ എൽഡിഎഫ് തെരഞ്ഞെടുപ്പു പ്രചാരണത്തിൽ ഭാഗമായി. യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി ഈ മാസം 19നും 20നും വയനാട്ടിലെത്തും. മണ്ഡലത്തിലെ വിവിധ പ്രചാരണ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. തിരുവനന്തപുരത്തും കൊല്ലത്തും എൻ ഡി എ തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്ണവീസ് പങ്കെടുത്തു. കേരളത്തിൽ അത്ഭുതങ്ങൾ സംഭവിക്കുമെന്നും ബിജെപി സീറ്റു നേടുമെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

&&&&&&&&&&&&&&&&&&

## ELECTION–KERALA

കേരളത്തിൽ ഉൾപ്പെടെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ. സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ 204 സ്ഥാനാർത്ഥികളാണ് കേരളത്തിൽ മത്സര രംഗത്തുള്ളത്. രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് അന്തിമ വോട്ടർ പട്ടികയിൽ ഇടം നേടിയത്.

&&&&&&&&&&&&&&&&&&

## ECI – INTRO

ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൂതന പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. 'Turning 18' , 'You are the One' എന്നീ സമൂഹമാധ്യമ പ്രചാരണ പരിപാടികളിലൂടെ പരമാവധി യുവാക്കളെ ജനാധിപത്യപ്രക്രിയയിൽ ഭാഗമാക്കാനാണ് കമ്മീഷൻ ലക്ഷ്യമിടുന്നത്.

*വിശദാംശങ്ങളിലേക്ക്....*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## ECI –VOICE

പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ യുവാക്കളുടെ പങ്കാളിത്തം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 'TURNING 18' പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചത്. മുൻകാല തെരഞ്ഞെടുപ്പുകളിൽ യുവജനപങ്കാളിത്തം കുറവായിരുന്നു എന്ന വിലയിരുത്തലിന്റെ

പശ്ചാത്തലത്തിലാണ് സമൂഹമാധ്യമത്തിലൂടെ നൂതന രീതിയിൽ പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നത്. യുവാക്കളുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി പ്രത്യേക പ്രമേയങ്ങൾ ആവിഷ്കരിക്കും. രാജ്യത്തെ ഉത്തമ പൗരന്മാരെന്ന നിലയിൽ വോട്ടെടുപ്പിൽ പങ്കെടുക്കുക എന്നത് യുവാക്കളുടെ ഉത്തരവാദിത്വമാണെന്ന് ബോധ്യപ്പെടുത്തുക എന്നതും പരിപാടിയുടെ ലക്ഷ്യമാണ്. തെരഞ്ഞെടുപ്പിൽ പങ്കാളികളാകുന്ന ഓരോരുത്തരുടെയും പരിശ്രമം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് YOU ARE THE ONE പ്രചാരണ പരിപാടി. വോട്ടർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ, മാധ്യമങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയ വിഭാഗങ്ങളുടെ കഠിനാധ്വാനത്തിലൂടെയാണ് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമാകുന്നത്. കഥകളിലൂടെയും ദൃശ്യങ്ങളിലൂടെയും ഇവരുടെ പ്രവർത്തനങ്ങളും പരിശ്രമങ്ങളും പൊതുസമൂഹത്തെ അറിയിക്കുക എന്നതാണ് YOU ARE THE ONE ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

ന്യൂസ് ഡസ്ക് ആകാശവാണി...........

&&&&&&&&&&&&&&&&&&&

## EC–SUVIDHA

പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനായി സജ്ജമാക്കിയ 'സുവിധ പോർട്ടൽ' ശ്രദ്ധേയമാകുന്നു. ഇരുപത് ദിവസങ്ങൾക്കിടെ പോർട്ടലിൽ എഴുപത്തി മൂവായിരത്തിലധികം അപേക്ഷകൾ ലഭിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. റാലികൾ സംഘടിപ്പിക്കൽ, താൽക്കാലിക പാർട്ടി ഓഫീസുകൾ സ്ഥാപിക്കൽ, വീടുവീടാന്തരമുള്ള പ്രചാരണം, വീഡിയോ വാനുകൾ, ഹെലികോപ്റ്ററുകൾ, വാഹനങ്ങൾ എന്നിവയുടെ ഉപയോഗം,

ലഘുലേഖാ വിതരണം എന്നിവക്കായി രാഷ്ട്രീയ പാർട്ടികൾക്ക് അനുമതി നൽകുന്നത് ഏകോപിപ്പിക്കാനാണ് സുവിധ പോർട്ടൽ സജ്ജീകരിച്ചത്.

&&&&&&&&&&&&&&&&&&

## BIHAR VICE PRESIDENT

2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാകാൻ യുവ പ്രൊഫഷണലുകളോട് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭ്യർത്ഥിച്ചു. ബിഹാറിൽ ഐ.ഐ.എം ബോധ്ഗയയുടെ ആറാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീ ധൻഖർ. ഇന്നത്തെ യുവമനസ്സും വിദ്യാർത്ഥികളുമാണ് ഇന്ത്യയുടെ ഭാവിയുടെ വിളക്ക് വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ബോധ്ഗയയിൽ ഉപരാഷ്ട്രപതി സന്ദർശനവും നടത്തി.

&&&&&&&&&&&&&&&&&&

## CHINA – LOK SABHA ELECTIONS

നിർമിത ബുദ്ധിയിലൂടെ സൃഷ്ടിക്കുന്ന ഉള്ളടക്കങ്ങൾ ഉപയോഗിച്ച് ഇന്ത്യ, അമേരിക്ക, ദക്ഷിണ കൊറിയ എന്നിവിടങ്ങളിൽ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളെ തടസ്സപ്പെടുത്താൻ ചൈന ഒരുങ്ങുന്നതായി സാങ്കേതികവിദ്യാ കമ്പനിയായ മൈക്രോസോഫ്റ്റിന്റെ മുന്നറിയിപ്പ്. 64 രാജ്യങ്ങളിലും യൂറോപ്യൻ യൂണിയനിലും ഈ വർഷം ദേശീയ തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. ചൈനീസ് ഭരണകൂട പിന്തുണയുള്ള സൈബർ സംഘങ്ങളും ഉത്തര കൊറിയയിൽ നിന്നുള്ളവരും ഈ തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കാൻ ലക്ഷ്യമിടുന്നതായി മൈക്രോസോഫ്റ്റിന്റെ 'ഭീഷണി മുന്നറിയിപ്പു വിഭാഗം' ആരോപിച്ചു. സ്ഥാനാർഥികളുടെ പ്രസ്താവനകൾ, വിവിധ വിഷയങ്ങളിലെ നിലപാടുകൾ, സംഭവങ്ങളുടെ ആധികാരികത എന്നിവയെക്കുറിച്ച്

പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്ന തന്ത്രം ഇവർ സ്വീകരിച്ചേക്കാമെന്നും മൈക്രോസോഫ്റ്റ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## CDS-TRI SERVICE CONFERENCE

പ്രതിരോധ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പരിവർത്തൻ ചിന്തൻ എന്ന പേരിൽ മൂന്ന് സൈനിക വിഭാഗങ്ങളുടെ സമ്മേളനം നാളെ ന്യൂഡൽഹിയിൽ നടക്കും. ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാന്റെ നേതൃത്വത്തിലാണ് ഒരു ദിവസത്തെ ചർച്ചകൾ നടക്കുക. എല്ലാ സൈനിക മേധാവികൾ, സൈനിക കാര്യ വകുപ്പ്, ഹെഡ്ക്വാർട്ടേഴ്സ് ഇന്റഗ്രേറ്റഡ് ഡിഫൻസ് സ്റ്റാഫ് മേധാവികൾ എന്നിവരുടെ ആദ്യത്തെ സമ്മേളനമാണിത്. സംയുക്തവും ഏകീകരണ ശ്രമങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന പുതിയ ആശയങ്ങളും സംരംഭങ്ങൾ, പരിഷ്കാരങ്ങൾ എന്നിവ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നതാണ് പരിവർത്തൻ ചിന്തൻ.

&&&&&&&&&&&&&&&&&&

## UAE MOON SIGHTING

വിശുദ്ധ റമദാൻ മാസം അവസാനത്തോട് അടുക്കുമ്പോൾ, ലോകമെമ്പാടുമുള്ള വിശ്വാസികൾ ഈദ് അൽ ഫിത്തർ ആഘോഷിക്കാൻ തയ്യാറെടുക്കുന്നു. ഒരു മാസത്തെ വ്രതാനുഷ്ഠാനത്തിന് പരിസമാപ്തി കുറിക്കുന്ന ഈദ് അൽ ഫിത്തർ ആഘോഷിക്കാൻ ഒരുങ്ങുകയാണ് ഗൾഫ് നാടുകളിൽ ഉൾപ്പടെയുള്ളവർ. പിറ കാണുന്നതിനും ആഘോഷങ്ങളുടെ തുടക്കം നിർണയിക്കാനും യു എ ഇ യിൽ തിങ്കളാഴ്ച പ്രത്യേക സമിതി യോഗം ചേരും. ചന്ദ്രക്കല കണ്ടാൽ ഏപ്രിൽ 9ന് ഈദ് ആചരിക്കും. ഇല്ലെങ്കിൽ ഏപ്രിൽ 10 ന് ആകും യു എ ഇ യിൽ ഈദ് ആഘോഷം.

&&&&&&&&&&&&&&&&&&

## AAP – BJP – PROTEST

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ മദ്യ അഴിമതിക്കേസിൽ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ കൂട്ട ഉപവാസം സംഘടിപ്പിച്ചു. അതിഷി, സഞ്ജയ് സിംഗ്, ഗോപാൽ റായ് എന്നിവരുൾപ്പെടെയുള്ള പാർട്ടി നേതാക്കൾ രാവിലെ ന്യൂഡൽഹിയിലെ ജന്തർമന്തറിൽ പ്രതിഷേധിച്ചു. കേസിലെ എല്ലാ തെളിവുകളും സാക്ഷി മൊഴികളും കെട്ടിച്ചമച്ചതാണെന്ന് സഞ്ജയ് സിംഗ് ആരോപിച്ചു. സർക്കാർ ഏജൻസികളെ കേന്ദ്രം ദുരുപയോഗം ചെയ്യുകയാണെന്ന് അദ്ദേഹം ആരോപിച്ചു. അതേസമയം, മദ്യ കുംഭകോണത്തിനും സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തതിനും കെജ്രിവാളിനെതിരെ ബിജെപി ന്യൂഡൽഹിയിലെ പാലിക മാർക്കറ്റിൽ പ്രതിഷേധം സംഘടിപ്പിച്ചു. എഎപിയുടെ നേതൃത്വത്തിലുള്ള ഡൽഹി സർക്കാർ അഴിമതിയുടെ പര്യായമായി മാറിയെന്ന് പാർട്ടി നേതാവ് ബൻസുരി സ്വരാജ് ആരോപിച്ചു.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപ്പിറ്റൽസിനെതിരെ മുംബൈ ഇന്ത്യൻസിനു ജയം. 235 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ഡൽഹി 205 റൺസിൽ പോരാട്ടം അവസാനിപ്പിച്ചു.

രണ്ടാം മത്സരത്തിൽ ടോസ് നേടിയ ലഖ്നൗ സൂപ്പർ ജയന്റ്സ് ഗുജറാത്ത് ടൈറ്റൻസിനെതിരെ ബാറ്റിങ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&

## EVE. HOCKEY- IND VS AUS

പെർത്തിൽ നടക്കുന്ന അഞ്ച് മത്സരങ്ങളടങ്ങിയ ഹോക്കി പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഇന്ത്യയെ പരാജയപ്പെടുത്തി. പെനാൽറ്റി കോർണറുകളിൽ നിന്ന് ജുഗ്രാജ് സിംഗ്, ഹർമൻപ്രീത് സിംഗ് എന്നിവർ ഇന്ത്യക്കായി ഗോൾ നേടിയെങ്കിലും ജെറമി ഹേവാർഡ്, ആൻഡേഴ്സൺ ജേക്കബ്, നഥാൻ എഫ്രോംസ് എന്നിവരുടെ ഗോളിൽ ഓസ്ട്രേലിയ വിജയിച്ചു. പരമ്പരയിലെ മൂന്നാം മത്സരം ബുധനാഴ്ച നടക്കും.

&&&&&&&&&&&&&&&&&&

## WORLD HEALTH DAY

ഇന്ന് ലോകാരോഗ്യ ദിനം. ആഗോളതലത്തിൽ ആരോഗ്യകാര്യത്തിൽ ശരിയായ അവബോധം വളർത്തുന്നതു ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഏപ്രിൽ ഏഴ് ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. 'എന്റെ ആരോഗ്യം, എന്റെ അവകാശം' എന്നതാണ് ഈ വർഷത്തെ ആരോഗ്യ ദിനാചരണ പ്രമേയം. 450 കോടിയിലേറെ ജനങ്ങൾ അനുഭവിക്കുന്ന അവശ്യ-ആരോഗ്യ സേവനങ്ങളുടെ അപര്യാപ്തതയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് പ്രമേയം.

&&&&&&&&&&&&&&&&&&

## MANIPUR LOK SABHA ELECTION

മണിപ്പൂരിൽ രണ്ട് സീറ്റുകളിലേക്കുള്ള ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിലായി നടക്കും. ആദ്യ ഘട്ട വോട്ടെടുപ്പ് ഈ മാസം 19-ന് നടക്കും. മൂന്ന് സ്വതന്ത്ര സ്ഥാനാർത്ഥികൾ ഉൾപ്പെടെ ആറ് സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. വംശീയ

സംഘട്ടനത്തെത്തുടർന്ന് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിക്കുന്ന വോട്ടർമാർക്കായി പ്രത്യേക പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

&&&&

&&

&